# നരേന്ദ്രമോഡി സത്യം പുറത്തുവിട്ടിരുന്നെങ്കിൽ...

**അഹ്മദാബാദ്** ബോംബ് സ്ഫോടനങ്ങളെ കുറിച്ച് മുതിർന്ന ബി.ജെ.പി നേതാവും പാർട്ടിയുടെ രാജ്യസഭാ ഉപാധ്യക്ഷയുമായ സുഷമാ സ്വരാജ് നടത്തിയ അഭിപ്രായ പ്രകടനം 'കലക്കി'. അങ്ങനെയാണ് പൂച്ച ഒരുനാൾ പുറത്തുവരുന്നത്. കോഴപ്പണ വിവാദത്തിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാനായി യു.പി.എ സംഘടിപ്പിച്ചതാണ് ആക്രമണം എന്നായിരുന്നല്ലോ സുഷമയുടെ കണ്ടെത്തൽ. വേണമെങ്കിൽ ഭീകരാക്രമണങ്ങൾ സംഘടിപ്പിക്കാവുന്നതേ ഉള്ളൂ എന്നും ഇപ്പറഞ്ഞതിന് അർഥമുണ്ട്. ബി.ജെ.പി നേതാവ് തന്നെ ഇത് വെളിപ്പെടുത്തിയതോടെ അസ്സലായി കാര്യം. സുഷമക്കെതിരെ സ്വാഭാവികമായും കോൺഗ്രസ് അലറി വിളിച്ചു. എത്രത്തോളമെന്നാൽ അവരെ രാജ്യദ്രോഹക്കുറ്റത്തിന് വിചാരണ നടത്തണമെന്നു പോലും ആവശ്യമുയർന്നു. തന്റെ വാക്കുകൾ വലിയ വിവാദമായപ്പോൾ തെറ്റുപറ്റി എന്നൊന്നും പറഞ്ഞ് കുമ്പസാരിക്കാനല്ല സുഷമ മെനക്കെട്ടത്. ബി.ജെ.പിയുടെയോ എൻ.ഡി.എയുടെയോ അല്ല മറിച്ച് വ്യക്തിപരമായ അഭിപ്രായമാണ് താൻ പറഞ്ഞത് എന്നായിരുന്നു അവർ വിശദീകരിച്ചത്. അതായത് പറഞ്ഞത് പറഞ്ഞതു തന്നെ, അതിൽ ഉറച്ചു നിൽക്കുന്നു എന്നു ചുരുക്കം.

സുഷമാ സ്വരാജ് ഈ ആരോപണം ഉന്നയിച്ചില്ലായിരുന്നു എന്നു വിചാരിക്കുക. എങ്കിൽ ഈ കോളത്തിൽ ഇത്തവണ ചർച്ച ചെയ്യുമായിരുന്നത് ഈ സ്ഫോടനം നടന്ന സമയവും സ്ഥലവും സാഹചര്യങ്ങളും വിരൽ ചൂണ്ടുന്നത് ആരുടെ നേർക്കാണെന്നും ആരാണ് ഈ സ്ഫോടനം കൊണ്ട് നേട്ടമുണ്ടാക്കിയത് എന്നുമായിരുന്നേനെ. സുഷമ പറയുന്നു, കോഴപ്പണ വിവാദത്തിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടാൻ യു.പി.എ ആണ് ഇത് ചെയ്തതെന്ന്. പക്ഷേ വിശ്വാസ വോട്ടെടുപ്പിനു ശേഷം യു.പി.എ മുന്നണിയേക്കാൾ ഗതികെട്ട നിലയിലായിരുന്നില്ലേ ബി.ജെ.പിയും സഖ്യകക്ഷികളും? എൻ.ഡി.എയിൽനിന്ന് 14 പേരാണ് വിട്ടുനിൽക്കുകയോ മറുകണ്ടം ചാടുകയോ ചെയ്തത്. രാഷ്ട്രീയമെന്നത് വെറും കച്ചവടമാണെന്ന് മറ്റുള്ളവർ വിശ്വസിക്കുമ്പോൾ തങ്ങൾ വ്യതിരിക്തതയുള്ള പാർട്ടിയാണെന്നും സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നവരാണ് എന്നുമാണല്ലോ അദ്വാനി അവകാശപ്പെട്ടുകൊണ്ടിരുന്നത്. ഈ ആശയ പാപ്പരത്തത്തെ മാധ്യമങ്ങൾ കയറിപ്പിടിക്കാൻ തുടങ്ങിയതിന്റെ തുടർച്ചയല്ല ബോംബ് സ്ഫോടനങ്ങളെന്ന് ബി.ജെ.പിക്ക് എങ്ങനെ പറയാനൊക്കും? ജനശ്രദ്ധ തിരിച്ചുവിടേണ്ട ഗതികേട് കോൺഗ്രസ്സിനേക്കാൾ കൂടുതൽ ഉണ്ടായിരുന്നത് സത്യത്തിൽ ബി.ജെ.പിക്കായിരുന്നു. ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പോയി ജനശ്രദ്ധ തിരിച്ചുവിടുന്ന കോൺഗ്രസ്സിന്റെ രാഷ്ട്രീയ വങ്കത്തത്തെ അല്ലെങ്കിൽ മറ്റെന്തു പേരിലാണ് വിശേഷിപ്പിക്കാനാവുക?

ഓരോ സംഭവങ്ങളുമെടുക്കുക. ഒന്നാമത്തെ ദിവസം പൊട്ടിയത് ബാംഗ്ലൂരിൽ. സംസ്ഥാനം കർണാടക. ഭരിക്കുന്നത് ബി.ജെ.പി സർക്കാർ. ഉപയോഗിച്ചത് അമോണിയം നൈട്രേറ്റും ഫ്യൂസുകളും റിമോട്ടും. നാന്ദേഡിലെയും തെങ്കാശിയിലെയും വിദർഭയിലെയും തെളിവുകൾ കൂട്ടിയോജിപ്പിച്ചാൽ ആളെ പിടികിട്ടും. പക്ഷേ മരിച്ചു വീണവരുടെ ആളെണ്ണം തീരെ കുറഞ്ഞു പോയി. ഉടനെ വരുന്നു അടുത്ത ബോംബുകൾ. നരേന്ദ്ര മോഡിയുടെ സംസ്ഥാനമായ ഗുജറാത്തിൽ മുസ്‌ലിംകൾ മാത്രം താമസിക്കുന്ന, 2002-ലെ വർഗീയ കലാപത്തിന്റെ പ്രഭവകേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങളിൽ തുടരെ തുടരെ ബോംബുകൾ പൊട്ടി. സാങ്കേതികവിദ്യ പഴയതു തന്നെ. സംഭവം ഗുജറാത്തിലാണ് എന്ന ഒറ്റക്കാര്യം മതി ഈ ബോംബുകൾ മുസ്‌ലിംകളുടേതല്ല എന്നു തെളിയാൻ. ആ സംസ്ഥാനത്ത് ഇത്രയും വലിയ ഗൂഢാലോചന പോയിട്ട് ആലോചന പോലും നടത്താനുള്ള അവസരം മുസ്‌ലിംകൾക്കില്ല. വർഗീയ കലാപത്തിന് പകരം വീട്ടാനുള്ള ശേഷി ഉണ്ടായിരുന്നെങ്കിൽ അവർ ബോംബ് വെക്കുമായിരുന്നത് അങ്ങാടിയിലെ പച്ചക്കറി കച്ചവടക്കാരെയല്ലല്ലോ. ചുരുങ്ങിയത് ഒരു സ്ഫോടനമെങ്കിലും ആർ.എസ്.എസ്സിന്റെ ഓഫീസിലും നടത്തുമായിരുന്നില്ലേ? രണ്ട് ഡസനിലേറെ 'മുസ്‌ലിം ഭീകരർ' അതും പരസ്പര ധാരണയോടെ, സൈക്കിളുകളും കാറും മറ്റും വാടകക്കെടുത്തും സംഘടിപ്പിച്ചും ഒരേ സമയത്ത് വിവിധ പ്രദേശങ്ങളിൽ ആക്രമണം നടത്തുക എന്നത് ഗുജറാത്തിൽ സാധ്യമല്ലെന്ന് നൂറുവട്ടം തീർച്ച. പിടിയിലായ ഹലീമിന് സംഭവവുമായി ഒരു ബന്ധവും ഇല്ലെന്ന് വ്യക്തമാവുന്ന തെളിവുകളാണ് ഒന്നിനു പുറകെ മറ്റൊന്നായി പുറത്തുവരുന്നത്. കലാപത്തിന്റെ ഇരകൾക്കുവേണ്ടി നിയമസഹായ കമ്മിറ്റി ഉണ്ടാക്കിയതാണ് ഇദ്ദേഹത്തെ കസ്റ്റഡിയിലെടുക്കാൻ പോലീസിനെ പ്രേരിപ്പിച്ചതത്രെ. ഏതായാലും ഗുജറാത്തിൽ ഇത്രയും സ്ഥലങ്ങളിൽ ആക്രമണം നടത്തുകയും അവയിൽ ഒന്നു പോലും ചുരുളഴിക്കാനാവാതെ പോവുകയും ചെയ്യുക എന്നത് സാമാന്യ ബുദ്ധിക്ക് നിരക്കുന്നതല്ല. രഹസ്യ പോലീസുകാരെ ഉപയോഗിച്ച് മുസ്‌ലിംകളെ ഇത്രയേറെ ഭരണകൂടം പിന്തുടരുന്ന മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല. അഹ്മദാബാദിലെയും പരിസരങ്ങളിലെയും ഓരോ മുസ്‌ലിം കുടുംബത്തെ കുറിച്ചും അവിടത്തെ പോലീസ് സ്റ്റേഷനുകളിൽ വിവരങ്ങളുണ്ടെന്നാണ് പറയപ്പെടുന്നത്.

കഴിഞ്ഞ കുറെ വർഷങ്ങളായി നരേന്ദ്രമോഡി പ്രതിഛായ മാറ്റിയെടുക്കാനുള്ള തത്രപ്പാടിലാണ്. ഗുജറാത്തിലെ കശാപ്പുകാരൻ എന്ന വിശേഷണം അന്താരാഷ്ട്ര വേദികളിൽ അദ്ദേഹത്തിന്റെ മുഖത്തെ നാൾ ചെല്ലുന്തോറും കൂടുതൽ ബീഭത്സമാക്കുന്നു. അമേരിക്കയിലേക്ക് ഇത്തവണയും അദ്ദേഹത്തിന് വിസ ലഭിച്ചില്ല. കുറെ മുസ്‌ലിംകളെ പിടികൂടുകയും അവർക്കെതിരെ തെളിവുണ്ടാക്കുകയും ചെയ്യുക എന്നത് ഗുജറാത്ത് പോലുള്ള സംസ്ഥാനത്ത് ഒരു വിഷയമേ അല്ല. ഇന്ത്യയിലെ മുഴുവൻ സ്ഫോടനങ്ങളിലെയും പ്രതികളെ വേണമെങ്കിൽ അവിടെ നിന്നും 'കണ്ടെത്താവുന്നതേ' ഉള്ളൂ. പക്ഷേ സുഷമ പറഞ്ഞ 'സത്യ'ത്തെയാണ് മോഡി പിന്തുടരേണ്ടത്. യാഥാർഥ്യം പുറത്തു വിട്ടാൽ അമേരിക്കയും കൂട്ടരും വെട്ടിലാവുമെന്ന മറുവശം മോഡിക്ക് ഗുണം ചെയ്യുന്നതുമാണ്. സ്ഫോടനങ്ങൾ സംഘടിപ്പിക്കുന്നവരിൽ ഹിന്ദുവും മുസ്‌ലിമും ഒക്കെയുണ്ടാവാം. മുസ്‌ലിംകളുടെ ചെലവിൽ മറ്റാരൊക്കെയോ ഇന്ത്യയിലുടനീളം ബോംബുകൾ വെക്കുന്നുണ്ടെന്നത് പുതിയ വിവരമൊന്നുമല്ല. കലക്കവെള്ളത്തിൽ മീൻ പിടിക്കുന്ന ഇക്കൂട്ടർ ആരാണെന്ന് ഗുജറാത്തിൽ നിന്നാണ് കണ്ടെത്തുന്നതെങ്കിൽ അതാണ് ഇന്ത്യയുടെ ചരിത്രം തിരുത്തിയെഴുതുക. തമിഴ്നാട്ടിലെ തിരുനെൽവേലി പോലീസ് ഡി.ഐ.ജി കണ്ണപ്പൻ തെങ്കാശി ആർ.എസ്.എസ് ഓഫീസിലും ബസ്സ്റ്റാന്റിലും നടന്ന സ്ഫോടനങ്ങൾ അന്വേഷിച്ച രീതി പിന്തുടരുന്നത് ഗുജറാത്തിലെ പേരുദോഷം വന്ന പോലീസിനും ഗുണം ചെയ്യും. ■